ഉത്തരം

(എ) ഓൺലൈൻ ലോട്ടറി, വ്യാപാരികളും പലരും അടയ്ക്കേണ്ട നികുതി അടയ്ക്കാതെ കണ്ടതിനാൽ വാണിജ്യ നികുതി വകുപ്പിന്റെ കമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ വിഭാഗം അന്വേഷണം നടത്തുകയുണ്ടായി. നികുതി ഈടാക്കാനുള്ള നടപടിയും എടുത്തിട്ടുണ്ട്.

(ബി) ലോട്ടറീസ് റെഗുലേഷൻ ആക്ടിലെ സെക്ഷൻ 4-ലെ നിബന്ധനകളുടെ ലംഘനത്തിനെതിരായി എഫ്. ഐ. ആർ. ഫയൽ ചെയ്ത കേസുകളിൽ തുടർനടപടി സ്വീകരിക്കില്ലെന്നും ഇനിമേലിൽ എഫ്. ഐ. ആർ. ഫയൽ ചെയ്യില്ലെന്നും ചീഫ് സെക്രട്ടറി ഫയൽ ചെയ്ത സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. സുപ്രീംകോടതിയുടെ 24-1-2005-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം സത്യവാങ്മൂലം നൽകിയത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കേന്ദ്രനിയമത്തിലെ സെക്ഷൻ 4-ലെ വ്യവസ്ഥകൾ പാലിച്ചു കൊണ്ടുള്ള ഭാഗ്യക്കുറികളുടെ ടിക്കറ്റ് വിൽപ്പനയാണ് സംസ്ഥാനത്ത് നടക്കുന്നത്. നിയമം ലംഘിക്കുന്നവർക്കെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) നിയമോപദേശ പ്രകാരം റിവ്യൂ പെറ്റീഷൻ പ്രസക്തിയില്ല.

സാമ്പത്തിക ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി

44 [2653] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഗ്രാന്റ് ലഭിക്കുന്ന ഏതെല്ലാം തദ്ദേശ സ്വയംഭരണങ്ങളിലേയും ഇതര സ്ഥാപനങ്ങളിലേയും സാമ്പത്തിക ക്രമക്കേടുകളാണ് ലോക്കൽ ഫണ്ട് ആഡിറ്റ് കണ്ടെത്തിയിട്ടുള്ളത്;

(ബി) എത്ര ലക്ഷം രൂപയുടെ ക്രമക്കേടുകളാണ് ആകെ കണ്ടെത്തിയിട്ടുള്ളത്;

(സി) ഇതുമായി ബന്ധപ്പെട്ട എത്ര ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടികൾക്ക് ശുപാർശ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് നടപടികൾ ശുപാർശ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ത്രിതല പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും, സർവ്വകലാശാലകൾ, ദേവസ്വം ബോർഡുകൾ, ഹിന്ദുമത ധർമ്മ സ്ഥാപനങ്ങൾ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ക്ഷേമനിധികൾ, സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, വികസന അതോറിറ്റികൾ, മറ്റ് മിസലേനിയസ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2000-2001 സാമ്പത്തിക വർഷം മുതൽ 2003-2004 സാമ്പത്തിക വർഷം വരെ കണ്ടെത്തിയ ക്രമക്കേടുകളുടെ വിശദ വിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. †

(സി) വകുപ്പുതല നടപടികളുടെ ഭാഗമായി സാമ്പത്തിക ക്രമക്കേടുകൾ വഴി തല്പദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം ഈടാക്കുവാൻ ഉദ്യോഗസ്ഥരുടെ മേൽ ചാർജ്/സർചാർജ് നടപടികൾ സ്വീകരിക്കാറുണ്ട്. ക്രമക്കേടുകളുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

വ്യാജമദ്യക്കടത്ത് തടയാൻ നടപടി

45 [2654] ശ്രീ. ടി. എം. ജേക്കബ്:
,, ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, ആർ. ബാലകൃഷ്ണപിള്ള:
,, കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓണക്കാലത്ത് വ്യാജമദ്യം പ്രചരിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് എടുത്തിട്ടുള്ളത്?

ഉത്തരം

എക്സൈസ് വകുപ്പ് താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

1. എല്ലാ ചെക്ക്പോസ്റ്റുകളിലും കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിച്ച് 24 മണിക്കൂറും വാഹന പരിശോധന കർശനമാക്കിക്കൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യാജമദ്യ ഒഴുക്ക് തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. എല്ലാ ലൈസൻസ്ഡ് ഷാപ്പുകളും തുടർച്ചയായുള്ള മിന്നൽ പരിശോധനകൾക്ക് വിധേയമാക്കി സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. നിലവിലുള്ള അബ്കാരി നിയമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഷാപ്പുകൾ അടയ്ക്കുന്നതിനും ഷാപ്പുകളുടെ പരിസര പ്രദേശങ്ങളിലെ അടഞ്ഞുകിടക്കുന്ന വീടുകളും, കെട്ടിടങ്ങളും വ്യവസായ സ്ഥാപനങ്ങളും പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

4. നൈറ്റ് പെട്രോളിംഗ് ശക്തിപ്പെടുത്തി വാഹനപരിശോധന കർശനമാക്കിയിട്ടുണ്ട്;

കൂടാതെ താഴെപ്പറയുന്ന നടപടികൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്;

1. എല്ലാ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടേയും കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറക്കുന്നതാണ്.

† അനുബന്ധം 1

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[28-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 44 (2653) കാണുക.]

സാമ്പത്തിക ക്രമക്കേടുകൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

വർഷം	ധനാപഹരണം/ധന ദുർവിനിയോഗം	വിവിധ കാരണങ്ങളാൽ ഓഡിറ്റിന് നിരാകരിച്ച തുക (ലക്ഷത്തിൽ)	വിവിധ കാരണങ്ങളാൽ ഓഡിറ്റിന് വിധേയമാക്കാൻ സാധിക്കാത്ത തുക (ലക്ഷത്തിൽ)
(1)	(2)	(3)	(4)	(5)
1.	2000-01	4568327.32	893.82	10580.22
2.	2001-02	2028427.77	2082.47	8827.45
3.	2002-03	2932118.50	6427.47	12545.35
4.	2003-04	2124806.15	3142.59	21646.83
	ആകെ	11653678.74	12546.35	53599.85

അനുബന്ധം II

[28-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 68 (2677) കാണുക.]

1-4-1999 മുതൽ നിലവിലുള്ള വെള്ളക്കര നിരക്കുകൾ താഴെ പറയുന്ന പ്രകാരമാണ്:

വിഭാഗം	പ്രതിമാസ ഉപയോഗം	പ്രതിമാസ നിരക്ക്
(1)	(2)	(3)
ഗാർഹികം	10 കിലൊ ലിറ്റർ വരെ	20 രൂപ
	10 മുതൽ 30 കി.ലി. വരെ	20 രൂപയ്ക്ക് പുറമെ ഓരോ അധിക യൂണിറ്റിനും 3 രൂപ
	30 മുതൽ 50 കി.ലി. വരെ	80 രൂപയ്ക്ക് പുറമെ ഓരോ അധിക യൂണിറ്റിനും 5 രൂപ
	50 കി. ലി. മുകളിൽ	180 രൂപയ്ക്ക് പുറമെ ഓരോ അധിക യൂണിറ്റിനും 7.35 രൂപ
ഗാർഹികേതരം	50 കി. ലി. വരെ	യൂണിറ്റിന് 7.35 രൂപ (കുറഞ്ഞത് 100 രൂപ)
	50 കി.ലി. മുകളിൽ	368 രൂപയ്ക്ക് പുറമെ ഓരോ യൂണിറ്റിനും 10.60
വ്യാവസായികം		ഓരോ യൂണിറ്റിനും 10.60 രൂപ (കുറഞ്ഞത് 200 രൂപ)
പഞ്ചായത്ത്		സ്ട്രീറ്റ് ടാപ്പൊന്നിന് ഒരു വർഷത്തേക്ക് 1750 രൂപ
മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ		സ്ട്രീറ്റ് ടാപ്പൊന്നിന് ഒരു വർഷത്തേക്ക് 2628 രൂപ

LIBRARY ARCHIVES Kerala Legislative Assembly